## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2098 — 07.03.2017 ൽ മറുപടി പറയേണ്ടിയിരുന്നത്

### പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ സ്ഥലം

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ സ്ഥലം പരിയാരം മെഡിക്കൽ കോളേജിന് കൈമാറുമ്പോൾ കേരള സർക്കാരും മെഡിക്കൽ കോളേജ് ഭരണസമിതിയും തമ്മിൽ കരാർ ഉണ്ടാക്കിയിരുന്നോ; | (എ) | പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ സ്ഥലം പരിയാരം മെഡിക്കൽ കോളേജിന് കൈമാറുന്നതിന് പ്രത്യേക കരാർ ഇല്ല. ഡി.എം.ഒ യുടെ 11.02.1995 ലെ സി1/3544/94 നമ്പർ കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് കൈമാറ്റം നടന്നത്. |
| (ബി) | എങ്കിൽ കരാറിന്റെ വിശദാംശം വ്യക്തമാക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കണ്ണൂർ-കാസർകോട് ജില്ലകളിലെ ക്ഷയരോഗികൾക്ക് കിടത്തി ചികിൽസയും പോഷകാഹാരവും മരുന്നും നൽകിവന്നിരുന്ന പരിയാരം ടി.ബി.സാനിറ്റോറിയം പരിയാരം മെഡിക്കൽ കോളേജിനു കൈമാറിയതിനു ശേഷം പാവപ്പെട്ട ക്ഷയരോഗികൾക്ക്, മുമ്പ് ലഭിച്ചിരുന്ന സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമാണോ; | (സി) | പരിയാരം ടി.ബി സാനിറ്റോറിയം പരിയാരം മെഡിക്കൽ കോളേജിന് കൈമാറിയതിന് ശേഷം പാവപ്പെട്ട ക്ഷയരോഗികൾക്ക് മുമ്പ് ലഭിച്ചിരുന്ന എല്ലാ ചികിത്സാ സൗകര്യങ്ങളും നൽകി വരുന്നുണ്ട്. സൗജന്യമായി ക്ഷയരോഗ മരുന്നുകൾ ലഭ്യമാണ്. എന്നാൽ പോഷകാഹാരം ഇപ്പോൾ സൗജന്യമായി നൽകി വരുന്നില്ല |
| (ഡി) | ഇല്ലെങ്കിൽ എന്ത് പരിഹാര നടപടികളാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | പോഷകാഹാരം നൽകുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**